# 2 വ്യാധികൾ പടരാതിരിക്കാൻ

## പഠനലക്ഷ്യം

* നിരീക്ഷണം, വിവരശേഖരണം, വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താൻ കഴിയുന്നു.

## നിലവാര സൂചകങ്ങൾ

(2) * രോഗങ്ങളിൽ പകരുന്ന രോഗങ്ങളുണ്ടെന്നും പകരാത്തവയുണ്ടെന്നും കുട്ടി മനസ്സിലാക്കുന്നു. പട്ടികപ്പെടുത്തുന്നു.

(1) * ചുറ്റുപാടും കാണുന്ന വിവിധ രോഗങ്ങളെ പട്ടികപ്പെടുത്താൻ കഴിയുന്നു.

* തരംതിരിക്കുന്ന് പകരുന്നവയെയും പകരാത്തവയെയും പട്ടികപ്പെടുത്താൻ കഴിയുന്നു.

* രോഗങ്ങളിൽ പകരുന്നവയാണ് പകർച്ചവ്യാധികൾ എന്ന് മനസ്സിലാക്കുന്നു.

* ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്നവയാണ് പകർച്ചവ്യാധികൾ

* പകർച്ചവ്യാധികൾക്ക് കൂടുതൽ ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.

## മുന്നറിവ്

* ജലദോഷം, പനി തുടങ്ങിയ രോഗങ്ങൾ എല്ലാവർക്കും വരാറുണ്ട്

* ചില രോഗങ്ങൾ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരാറുണ്ട്

* ~~[illegible]~~

## ആശയങ്ങൾ

* പകരുന്നവയും പകരാത്തവയുമായ രോഗങ്ങളുണ്ട്

## ശേഷികൾ, കൈപ്പുണികൾ

വിശകലനം, വർഗീകരണം, നിരീക്ഷണം

## മൂല്യം/മനോഭാവം

* പകർച്ച വ്യാധികൾക്കെതിരെ നാം ഓരോരുത്തരും ജാഗ്രത പുലർത്തേണ്ടതാണ്.
* വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ കാത്ത് സൂക്ഷിക്കേണ്ടതാണ്.

## സാമഗ്രികൾ

ICT, പേപ്പർ കട്ടിംഗ്സ്, ~~ചാർട്ട്~~, ~~സാനിറ്റൈസർ~~

## ഉൽപ്പന്നങ്ങൾ

രോഗങ്ങൾ തരംതിരിച്ച് എഴുതിയ പട്ടിക, ശാസ്ത്രപുസ്തകം, ചർച്ചാ കുറിപ്പ്

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- |
| പല ദിവസം ക്ലാസിൽ ഹാജരാവാത്ത കുട്ടികളോട് വരാത്ത കാരണം അന്വേഷിക്കുന്നു. ~~പാഠഭാഗത്തേക്ക് പ്രവേശിക്കുന്നു.~~<br>അതിലൂടെ വിവിധ രോഗങ്ങൾ കാരണമാണെന്ന് കണ്ടെത്തുന്നു.<br>നമ്മുടെ നാട്ടിൽ സാധാരണ കണ്ടു വരുന്ന കുറച്ച് രോഗങ്ങൾ നിങ്ങൾ എഴുതാമോ?<br>ഇതിലൂടെ പാഠഭാഗത്തേക്ക് പ്രവേശിക്കുന്നു.<br>നിങ്ങൾക്കും അസുഖം വന്ന് ഡോക്ടറുടെ അടുത്ത് പോവാറില്ലേ,<br>അത്തരം അനുഭവം ഉള്ള കാർട്ടൂൺ നമുക്ക് കാണാം (ICT) | |

## പ്രവർത്തനം-2

TBലെ ചിത്രീകരണം 2.1 ICT യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
എന്തുകൊണ്ടാവാം Dr ഇങ്ങനെയൊരു ചോദ്യം കുട്ടിയോട് ചോദിച്ചത്?
നിങ്ങൾക്ക് പനി വന്നപ്പോൾ വീട്ടിലെ മറ്റാർക്കെങ്കിലും പിടിപെട്ടിരുന്നോ?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം

പനി, ജലദോഷം അല്ലാതെ മറ്റെന്തെങ്കിലും തരത്തിലുള്ള അസുഖമുള്ളവർ നിങ്ങളുടെ വീട്ടിലുണ്ടോ? അവ നിങ്ങൾക്ക് പകർന്നിട്ടുണ്ടോ? അപ്പോൾ ~~ഇതിലൂടെ പകരുന്ന~~ എല്ലാ രോഗവും പകരുന്നവയാണോ? ഈ രോഗങ്ങളെ ഒന്ന് തരംതിരിച്ച് എഴുതാമോ?

## പ്രവർത്തനം-3

- കുട്ടികൾ എഴുതിയ രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു.

## ക്രോഡീകരണം

* പകരുന്ന രോഗങ്ങളും * പകരാത്ത രോഗങ്ങളും ഉണ്ട്.
* ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ചവ്യാധികൾ.

| പകരുന്നവ | പകരാത്തവ |
| --- | --- |
| → മഞ്ഞപ്പിത്തം | → പ്രമേഹം |
| → എലിപ്പനി | → ഹൃദ്രോഗം |
| → ഡെങ്കിപ്പനി | → രക്താതിസമ്മർദം |
| → കോളറ | → വയറുവേദന |
| → ചിക്കൻപോക്സ് | → കാൻസർ |
| → കോവിഡ് – 19 | |

## തുടർപ്രവർത്തനങ്ങൾ

* പകർച്ചവ്യാധികൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക
* പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട പേപ്പർ കട്ടിംഗ്സ് ശേഖരിക്കുക.